(30) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കൂടുതൽ ഡോക്ടർമാരേയും നേഴ്സുമാരേയും നിയമിക്കുന്നതിനും വാഹനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അപ്ഗ്രേഡു ചെയ്ത ആശുപത്രിയാണ് കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ഒരു ഡോക്ടർ മാത്രമുള്ള ആശുപത്രിയിൽ മറ്റു സൗകര്യങ്ങളൊന്നുമില്ല. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ പുതിയ ഡോക്ടർമാരേയും നഴ്സുമാരേയും വാഹനങ്ങളേയും ലഭ്യമാക്കണം. കക്കോടിയിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ ഐ.പി. ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അവിടെ അതിനുള്ള സൗകര്യങ്ങളെല്ലാം ഉണ്ട്. കക്കോടി പ്രൈമറി ഹെൽത്തു സെന്ററിന് ഐ.പി.ക്കുള്ള സൗകര്യം ഉണ്ടായിരുന്നത് പിന്നീട് നിർത്തിയതാണ്. അതു പുന:സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ മൂന്ന് കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. 2002-ൽ സാമൂഹ്യ കേന്ദ്രമായി പ്രവർത്തിക്കപ്പെട്ട സ്ഥാപനത്തിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു യോഗം കൂടിയിരുന്നു. കിടക്കകളുടെ എണ്ണം നൂറായി വർദ്ധിപ്പിക്കുന്നതിനും അതിനാനുപാതികമായി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാനുമുള്ള പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കാൻ അന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തു. ഇന്നേയ്ക്കു ഒരു ദിവസത്തിനുമുമ്പ് ഞങ്ങൾ വീണ്ടും യോഗം ചേർന്നു. അതനുസരിച്ച് ആറ് ഡോക്ടർമാരുടെ തസ്തിക ഉൾപ്പെടെ 26 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്. ഡ്രൈവറുടെ പുതിയ തസ്തിക ഉടനെയുണ്ടാകും. കക്കോടി ഐ.പി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സാമ്പത്തിക ലഭ്യതയനുസരിച്ച് എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്.

(31) ഇടവാ പി.എച്ച്.സി.-യിൽ ആരംഭിച്ച ഐ.പി.-യുടെ പ്രവർത്തനം

ശ്രീ. വർക്കല കഹാർ: സർ, മൽസ്യത്തൊഴിലാളികളുടെയും സാധാരണ ജനങ്ങളുടെയും ചിരകാലാഭിലാഷമായിരുന്ന ഇടവ ഹോസ്പിറ്റലിനെ ഐ.പി. ഹോസ്പിറ്റൽ ആയി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. മൂന്നു ഡോക്ടർമാർ ഉള്ളതിൽ ഒരു ഡോക്ടർപോലും ഇപ്പോൾ അവിടെ വരാറില്ല. ഡോക്ടർ വരുന്ന ദിവസങ്ങളിൽ അവിടെ എത്തുന്ന രോഗികളെ അഡ്മിറ്റു ചെയ്യാതെ അവരെ വിരട്ടി

LIBRARY ARCHIVES Kerala Legislative Assembly